ബൈബിൾ ചിത്രകഥ

# രക്ഷകൻ

MAR LOUIS PUBLICATIONS



## ബൈബിൾ ചിത്രകഥ - 44

# രക്ഷകൻ

യേശുവിന്റെ പീഡാസഹനവും കുരിശുമരണവുമാണ് ഈ പുസ്തകത്തിൽ ചിത്രീകരിക്കുന്നത്. ഒളിച്ചോടുന്ന അടിമകൾക്കും രാജദ്രോഹകുറ്റം ചെയ്യുന്നവർക്കും റോമാക്കാർ വിധിച്ചിരുന്ന ശിക്ഷയാണ് കുരിശുമരണം. എന്തേ യേശു ഇപ്രകാരമൊരു ശിക്ഷയനുഭവിക്കേണ്ടിവന്നു? പുറമെനിന്നു നോക്കുമ്പോൾ യഹൂദ മതാധികാരികളുടെ ദുഷ്ടതയും റോമൻ അധികാരിയുടെ ഭീരുത്വവുമാണ് യേശുവിന്റെ കുരിശുമരണത്തിനു കാരണം എന്നാൽ ഈ നേതാക്കന്മാരുടെ പ്രവൃത്തിയെ പൂർണ്ണമായി കുറ്റം വിധിക്കാനാവുമോ?

സാൻഹെദ്രിൻ സംഘത്തിന്റെമുമ്പിൽ പ്രധാന പുരോഹിതന്റെ ചോദ്യത്തിന് ഉത്തരമായി സംശയത്തിനിടനല്കാതെ താൻ ദൈവതുല്യനായ ദൈവപുത്രനാണെന്നു യേശു പ്രഖ്യാപിച്ചു. ഏകദൈവവിശ്വാസികളായ ആ നേതാക്കന്മാർക്ക് ഇതു കടുത്ത ദൈവദൂഷണമായേ കാണാൻ കഴിഞ്ഞുള്ളൂ. ദൈവത്തിനു തുല്യനായി മറ്റൊരാളുണ്ടാവുകയെന്നത് അവർക്ക് ഊഹിക്കാൻപോലും കഴിയുമായിരുന്നില്ല. അതിനാൽ തങ്ങളുടെ നിയമമനുസരിച്ച് അവർ യേശുവിനു മരണശിക്ഷ വിധിച്ചു.

പീലാത്തോസിന്റെ മുമ്പിൽവച്ച് ഞാൻ രാജാവാണെന്ന് യേശു പ്രഖ്യാപിച്ചു. ഇതു രാജദ്രോഹമാണ്. ഐഹികമല്ലാത്ത ഒരു രാജ്യത്തെയോ രാജാവിനെയോക്കുറിച്ച് റോമൻ അധികാരിക്കു മനസ്സിലാകുമായിരുന്നില്ല. യേശുവിന്റെ മരണത്തിന് ഉത്തരവാദികളായി നാം പൊതുവേ കരുതുന്ന ആരേക്കുറിച്ചും ഇതുപോലെ ന്യായീകരണങ്ങൾ കണ്ടെത്താനാവും. അതിനാൽ ഏതെങ്കിലും ഒരു വ്യക്തിയുടെയോ സമൂഹത്തിന്റെയോ മാത്രം കുറ്റമാണ് കുരിശുമരണത്തിനു കാരണം എന്നു പറയാനാവില്ല. ദൈവത്തെ തിരസ്ക്കരിച്ച മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പാപമാണ് ആ മരണത്തിനു കാരണം. മനുഷ്യൻ ചെയ്ത ഏറ്റവും വലിയ പാപമാണ് ദൈവപുത്രനെ കുരിശിൽ തറച്ചുകൊന്നത്. ഈ പാപം എങ്ങനെ മനുഷ്യരക്ഷയ്ക്കു കാരണമാകും?

ദൈവത്തിന്റെ സ്നേഹമാണ് മനുഷ്യനെ പാപത്തിൽനിന്നു രക്ഷിക്കുന്നത്. ആ സ്നേഹത്തിന്റെ ഏറ്റം വലിയ പ്രകടനമാണ് മനുഷ്യാവതാരവും കുരിശുമരണവും തന്റെ ഏകജാതനെ നല്കാൻ മാത്രം ദൈവം ലോകത്തെ അത്രയേറെ സ്നേഹിച്ചു എന്ന് യേശു പറയുമ്പോൾ ഈ സ്നേഹത്തെ വ്യക്തമാക്കുന്നു. പാപത്തിന്റെ ഫലമാണ് മരണം. മനു

Published by : MAR LOUIS PUBLICATIONS
Broadway, Ernakulam
Kochi - 682 031, Ph: 0484-2352110
Website : www.marlouiskochi.com
E-mail : mlbookcentre@gmail.com
mlpekam@gmail.com

ഷ്യന്റെ സകലവേദനകളും ദുഃഖങ്ങളും അതിന്റെ പൂർണ്ണതയിൽ ഏറ്റെടുക്കാൻ തയ്യാറാവുന്നതിലൂടെ ദൈവം നമ്മോടുള്ള തന്റെ സ്നേഹം പ്രകടമാക്കുന്നു. പാപത്തിന്റെ കാഠിന്യവും ദൈവസ്നേഹത്തിന്റെ പാരമ്യവും ഒരേസമയം വ്യക്തമാക്കുന്നതാണ് യേശുവിന്റെ കുരിശുമരണം.

യേശുവിനു പിതാവിനോടുള്ള പൂർണ്ണമായ അനുസരണവും നമ്മോടുള്ള അനന്തമായ സ്നേഹവും കുരിശുമരണം വഴി വെളിപ്പെടുന്നു. നിർബ്ബന്ധത്തിനു വഴങ്ങിയല്ല, സ്വയം ഏറ്റെടുത്തതാണത്. സ്നേഹിതർക്കുവേണ്ടി സ്വന്തം ജീവൻ ബലിയർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല എന്നു പഠിപ്പിച്ച യേശു തന്റെ മരണത്തിലൂടെ പരമമായ സ്നേഹം നമുക്കുകാട്ടിത്തന്നു. ആദിമനുഷ്യൻ തുടങ്ങിവച്ച പാപത്തിൽ നിന്ന് യേശു സകലമനുഷ്യർക്കും മോചനം നല്കി. സാത്താന്റെ മേലുള്ള വിജയം പൂർണ്ണമാകുന്നത് കുരിശുമരണത്തിലാണ്. മരുഭൂമിയിൽ നേടിയ വിജയത്തിന്റെ പൂർത്തീകരണമാണത്. അങ്ങനെ ശിക്ഷയുടെയും അവഹേളനത്തിന്റെയും അടയാളമായിരുന്ന കുരിശിനെ തന്റെ മരണത്തിലൂടെ യേശു രക്ഷയുടെയും മോചനത്തിന്റെയും മാർഗ്ഗമാക്കി മാറ്റി.

കുരിശിൽ കിടന്നുകൊണ്ട് യേശു ഉച്ചരിച്ച വാക്കുകൾ സുവിശേഷത്തിന്റെ രത്നച്ചുരുക്കമാണ്. കുരിശിൽ തറച്ചിട്ടും മതിയാവാഞ്ഞിട്ടെന്നവണ്ണം തന്നെ പരിഹസിച്ചുകൊണ്ട് താഴെ നിന്നവരെപ്പോലും യേശു കരുണയോടും സ്നേഹത്തോടും കൂടെയാണു വീക്ഷിച്ചത്. അവർക്കുവേണ്ടിയുള്ള പ്രാർത്ഥന മനുഷ്യവർഗ്ഗം മുഴുവനും വേണ്ടിയുള്ള പ്രാർത്ഥനയാണ്. "നീ ഇന്ന് എന്നോടുകൂടി പറുദീസായിലായിരിക്കും" എന്ന വാക്കുകൾ അനുതപിക്കുന്ന ഏതു പാപിക്കും തന്നോടു പറയുന്നതായി കരുതാനാവും. തന്റെ മാതാവിനെ മനുഷ്യവർഗ്ഗം മുഴുവന്റെയും മാതാവായി നൽകിക്കൊണ്ട് കുരിശിൽവച്ച് യേശു പുതിയൊരു കുടുംബം സ്ഥാപിച്ചു. മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള അവിടുത്തെ ദാഹം ഇന്നും തുടരുന്നു. പിതാവിന്റെ കരങ്ങളിൽ സ്വന്തം ജീവൻ സമർപ്പിച്ച യേശുവിനെപ്പോലെ നമുക്കെല്ലാം മരിക്കാൻ സാധിക്കണം. മരണം ശൂന്യതയിലേക്കുള്ള വീഴ്ചയല്ല. പിതാവിന്റെ അടുക്കലേക്കുള്ള യാത്രയാണ്. നിത്യജീവന്റെ തുടക്കമാണ് യേശുവിലുള്ള മരണം.

## ചോദ്യങ്ങൾ

1. ഗദ്സേമനിയിൽവച്ച് യേശു എന്താണ് പ്രാർത്ഥിച്ചത്?
2. അന്നാസിന്റെ ചോദ്യത്തിന് യേശു നല്കിയ മറുപടിയെന്ത്?
3. പത്രോസ് ഗുരുവിനെ നിഷേധിക്കാൻ കാരണമെന്ത്?
4. പത്രോസിന്റെയും യൂദാസിന്റെയും പ്രതികരണങ്ങൾ താരതമ്യം ചെയ്യുക.
5. സാൻഹെദ്രിൻ സംഘം യേശുവിനെ മരണത്തിനുവിധിക്കാൻ കാരണമെന്ത്?
6. പീലാത്തോസ് യേശുവിനെ ഹെറോദേസിന്റെ അടുക്കലേക്കയച്ചതെന്തുകൊണ്ട്?
7. പീലാത്തോസ് യേശുവിനെ മരണത്തിനു വിധിക്കാൻ കാരണമെന്ത്?
8. യേശു ജറുസലെം സ്ത്രീകളോട് എന്തു പറഞ്ഞു?
9. കുരിശിൽ കിടന്നുകൊണ്ട് യേശുപറഞ്ഞ ഏഴുവാക്യങ്ങൾ സുവിശേഷങ്ങളിൽനിന്നു പകർത്തിയെഴുതുക.
10. കുരിശുമരണം ദൈവസ്നേഹത്തിന്റെ പരമമായ പ്രകടനമാണ്. വിശദമാക്കുക.

ബൈബിൾ ചിത്രകഥ-44

# യേശുക്രിസ്തു -14

# രക്ഷകൻ

രചന : മൈക്കിൾ കാരിമറ്റം
ചിത്രീകരണം : ദേവസി * ബെന്നി

പെസഹാഭക്ഷണത്തിനുശേഷം യേശു അപ്പസ്തോലന്മാരോടൊത്ത് ഒലിവു മലയുടെ താഴ്‌വരയിലുള്ള ഗെത്സേമനി എന്ന തോട്ടത്തിലെത്തി.




യേശു പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും കൂട്ടി അല്പം മുന്നോട്ടുപോയി.
ഞാൻ കുരിശുമരണ തുല്യമായ ദുഃഖമാണനുഭവിക്കുന്നത്. നിങ്ങൾ ഇവിടെ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ.
അവരിൽ നിന്ന് അല്പം അകന്ന്.
പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നു പോകട്ടെ.
എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നിറവേറട്ടെ.
അതികഠിനമായ മനോവേദനയിൽ അവൻ തീക്ഷ്ണമായി പ്രാർത്ഥിച്ചു.



വേദനയുടെ കാഠിന്യത്താൽ അവന്റെ വിയർപ്പുതുള്ളികൾ രക്തത്തുള്ളികൾ പോലെ നിലത്തുവീണു.
ഒരു മണിക്കൂർ ഉണർന്നിരിയ്ക്കാൻ നിങ്ങൾക്കു കഴിഞ്ഞില്ലല്ലോ. എഴുന്നേല്ക്കുവിൻ.
ഇതാ സമയമായി. എന്നെ ഒറ്റിക്കൊടുക്കുന്നവൻ അടുത്തെത്തിയിരിക്കുന്നു.
?!!



ഗുരോ, സ്വസ്തി.
???
സ്നേഹിതാ, ഒരു ചുംബനത്താൽ നിന്റെ ഗുരുവിനെ ഒറ്റിക്കൊടുക്കുന്നുവോ?
അതാ, അവനാണ് യേശു. പിടിച്ചു കെട്ടുവിൻ.
ഗുരോ, ഞങ്ങൾ വാളെടുത്തു വെട്ടട്ടയോ?
വാൾ അതിന്റെ ഉറയിൽ ഇടുക. വാളെടുക്കുന്നവൻ വാളാൽ നശിക്കും.
!
അവരെയെല്ലാം പിടിക്കുവിൻ. ഒറ്റയെണ്ണം രക്ഷപ്പെടരുത്.
നിങ്ങൾ എന്നെ അന്വേഷിച്ചു. ഇതാ ഞാൻ. അവരെ തൊട്ടുപോകരുത്.


ശിഷ്യന്മാരെല്ലാം ഭയന്നോടി. പടയാളികൾ യേശുവിനെ പ്രധാനപുരോഹിതന്റെ അമ്മായിയപ്പനായ അന്നാസിന്റെ അടുക്കൽ കൊണ്ടുവന്നു.
എന്താണ് നിന്റെ ഈ പുതിയ പഠനം? ആരാണ് നിന്റെ ശിഷ്യന്മാർ?
സിനഗോഗുകളിലും ദേവാലത്തിലും പൊതുസ്ഥലങ്ങളിലുമാണ് ഞാൻ പഠിപ്പിച്ചത്. അതു കേട്ട പതിനായിരങ്ങളുണ്ട്. അവരോടു ചോദിക്കൂ.
!
ഇങ്ങനെയാണോ മഹാപുരോഹിതനോടു മറുപടി പറയുന്നത്
ഞാൻ പറഞ്ഞതു തെറ്റാണെങ്കിൽ അതു തെളിയിക്കുക. ശരിയാണെങ്കിൽ എന്നെ അടിക്കുന്നതെന്തിന്?


അതേ സമയം യേശുവിനെ തേടിവന്ന പത്രോസ് പ്രധാനപുരോഹിതന്റെ അങ്കണത്തിലെത്തി. അവിടെ തീ കാഞ്ഞുകൊണ്ടിരുന്നു.
ഹേയ്, നീ ആ ഗലിലേയന്റെ കൂട്ടുകാരനല്ലേ?
!?
അല്ല നിങ്ങൾക്ക് ആൾമാറിപ്പോയതാവും.
നീ അയാളുടെ ശിഷ്യനാണെന്നതിൽ സംശയമില്ല. നിന്റെ സംസാരം കേട്ടാൽ അറിയാമല്ലോ.
ഞാൻ അയാളെ അറിയില്ല.
നിന്നെ ഞാൻ തോട്ടത്തിൽ വച്ചു കണ്ടല്ലോ. നീയല്ലേ വാളെടുത്തത്?
കർത്താവാണെ സത്യം ഞാനാ മനുഷ്യനെ അറിയില്ല. കണ്ടിട്ടുപോലുമില്ല.


അപ്പോൾ കോഴി കൂവി.



ഗുരുവിന്റെ വാക്കുകൾ ഓർമ്മിച്ച പത്രോസ് കരഞ്ഞുകൊണ്ടു പുറത്തേക്കു പോയി.


ക്രിസ്തുവേ, ആരാണു നിന്നെ ഇടിച്ചതെന്നു പ്രവചിക്കൂ!


താൻ പ്രതീക്ഷിച്ച വിധത്തിലല്ല കാര്യങ്ങൾ നീങ്ങുന്നത് എന്നു മനസ്സിലാക്കിയ യൂദാസ്.
റബ്ബി ഫിനഹാസ്, എപ്പോഴാണ് യേശുവും സാൻഹദ്രിനുമായുള്ള കൂടിക്കാഴ്ച?
എന്തു കൂടിക്കാഴ്ച? പ്രഭാതമാവുമ്പോൾ വിചാരണയാണ്.
വിചാരണയോ?
ദൈവദൂഷണ ക്കുറ്റമാണ് ആരോ പിച്ചിരിക്കുന്നത്. വധശിക്ഷയർഹി ക്കുന്ന കുറ്റം.
വഞ്ചകാ, ഇതാ നിന്റെ പണം. നിഷ്ക്കള ങ്കനെ ഞാൻ ഒറ്റിക്കൊടുത്തു!
അതു നിന്റെ കാര്യം.
!?
നിരാശനായ യൂദാസ്


പ്രഭാതമായപ്പോൾ അവർ യേശുവിനെ സാൻഹെദ്രിൻ സംഘത്തിന്റെ മുമ്പിൽ ഹാജരാക്കി.
ഞങ്ങൾക്കു ഒരേ ഒരു കാര്യമാണ് നിന്നിൽ നിന്നറിയേണ്ടത്. നീ ക്രിസ്തുവാണോ?
ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുകയില്ല. ഞാൻ ചോദിച്ചാൽ നിങ്ങൾ ഉത്തരം തരുകയില്ല.
ജീവിക്കുന്ന ദൈവത്തിന്റെ നാമത്തിൽ ഞാൻ ചോദിക്കുന്നു. നീയാണോ ദൈവപുത്രനായ ക്രിസ്തു?
ഞാൻ തന്നെ. മനുഷ്യപുത്രൻ ദൈവത്തിന്റെ വലതുഭാഗത്തിരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും.
ഇസ്രായേലേ കേൾക്കുക. കർത്താവു മാത്രമാണ് നിന്റെ ദൈവം.


ഇനി സാക്ഷികളെക്കൊണ്ട് എന്താ വശ്യം? ദൈവദൂഷണം നിങ്ങൾ തന്നെ കേട്ടില്ലേ? നിങ്ങൾക്കു എന്തു തോന്നുന്നു?
ഇവൻ കുറ്റക്കാരനാണ്. ഇവൻ മരിക്കണം.
ശിക്ഷ നടപ്പിലാക്കേണ്ടതു റോമാക്കാരാണ്. അടുത്ത വിചാരണ പീലാത്തോ സിന്റെ മുമ്പിൽ



അവർ യേശുവിനെ റോമൻ പ്രൊക്കുറേറ്ററായ പീലാത്തോസിന്റെ മുമ്പിൽ കൊണ്ടുവന്നു.
ഇവനെതിരേ എന്താരോപണമാണ് നിങ്ങൾക്കുള്ളത്?
ഇവൻ തെറ്റായ പ്രബോധനങ്ങളിലൂടെ ജനത്തെ വഴിതെറ്റിക്കുന്നു.
ഇവൻ ക്രിസ്തുവാണെന്ന് സ്വയം അവകാശപ്പെടുന്നു.
ഇതു നിങ്ങളുടെ മതപരമായ കാര്യം. നിങ്ങളുടെ നിയമമനുസരിച്ചു വിധിച്ചു കൊള്ളണം.
ആരെയും വധിക്കാൻ ഞങ്ങൾക്കവകാശമില്ലല്ലോ.
മരണാർഹമായ എന്തു കുറ്റമാണ് ഇവൻ ചെയ്തത്?
!?
താൻ യഹൂദരുടെ രാജാവാണെന്ന് ഇവൻ അവകാശപ്പെടുന്നു. അതു രാജദ്രോഹമാണ്.


നീ യഹൂദരുടെ രാജാവാണോ?
നീ തന്നെ പറയുന്നു ഞാൻ രാജാവാണെന്ന്. എന്നാൽ എന്റെ രാജ്യം ഈ ലോകത്തിന്റേതല്ല.
!
സത്യത്തിനു സാക്ഷ്യം വഹിക്കാൻ വേണ്ടിയാണ് ഞാൻ ലോകത്തിലേക്കു വന്നത്. സത്യത്തിൽ നിന്നുള്ളവൻ എന്റെ സ്വരം ശ്രവിക്കുന്നു.
എന്താണ് സത്യം?
ഞാൻ ഈ മനുഷ്യനിൽ യാതൊരു കുറ്റവും കാണുന്നില്ല.
!!?
ഇവൻ ഗലീലി മുതൽ ഇവിടം വരെ ജനത്തെ കലാപത്തിനു പ്രേരിപ്പിക്കുന്നു.
ഗലീലിക്കാരനാണല്ലേ? എന്നാൽ വിധി പറയേണ്ടത് ഹേറോദേസാണ്.



പെസഹാത്തിരുനാളിന് ജറുസലെമിലേക്കു വന്നിരുന്ന ഹേറോദേസ് അന്തിപ്പാസിന്റെ അടുക്കലേക്കു അവർ യേശുവിനെ കൊണ്ടുപോയി. അതേസമയം പീലാത്തോസിന്റെ അരമനയിൽ
!
ഇത് അങ്ങയുടെ ഭാര്യ തന്നുവിട്ടതാണ്.
ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്. കഴിഞ്ഞ രാത്രി എനിക്കു ഭീകരമായ ഒരു സ്വപ്നമുണ്ടായി.
ആ ഗലീലേയനെക്കുറിച്ച് നിനക്കെന്തു തോന്നുന്നു?
അയാൾ ഒരു കലാപകാരിയല്ല. നമുക്ക് അവനിൽനിന്ന് ഒന്നും ഭയപ്പെടാനില്ല. എല്ലാവരും സഹോദരങ്ങളാണെന്നും സമാധാനത്തിൽ കഴിയണമെന്നുമാണ് അവൻ പഠിപ്പിക്കുന്നത്.
സർവ്വലൗകിക സാഹോദര്യം! സാമ്രാജ്യത്തിന് അതിനെക്കാൾ വലിയ ഭീഷണി എന്താണുള്ളത്? എല്ലാവരും തുല്യരും സഹോദരരുമെങ്കിൽ പിന്നെ അധികാരം എവിടെ?
അയാൾ റോമാക്കാരുടെ സുഹൃത്താണ്.
ആയുധമെടുക്കുന്നവരെ അടിച്ചമർത്താം. എന്നാൽ ഈ പുതിയ ആശയം പ്രചരിച്ചാൽ അതു സാമ്രാജ്യത്തിന്റെ അടിത്തറ ഇളക്കും.


ഹെറോദേസിന്റെ മുമ്പിൽ
മഹാരാജാവേ, ഇവൻ നാട്ടിൽ മുഴുവൻ കലാപ മുണ്ടാക്കുന്നു.
നസ്രത്തിലെ യേശുവല്ലേ? ഇവനെ കാണാൻ ഞാൻ കാത്തിരിക്കുകയായി രുന്നു.
ഹേയ്, പ്രവാചകാ, ഒരത്ഭുതം പ്രവർത്തിക്കൂ! ഞങ്ങൾ ഒന്നു കാണട്ടെ.
ഇവന്റെ വായിൽ നാവില്ലേ? ഇവൻ രാജാവാണെന്നല്ലേ പറഞ്ഞത്. രാജകീയ വേഷം കൊടുത്തുകളയാം. സേവകർ!


ഈ വിഡ്ഢിക്ക് ഈ വേഷം ചേരും. പീലാത്തോസിന്റെ അടുക്കലേക്കുതന്നെ കൊണ്ടു പോകുവിൻ.
അതേസമയം പീലാത്തോസിന്റെ അരമനയുടെ മുമ്പിൽ തീവ്രവാദികൾ.
ബറാബ്ബാസിനെ വിട്ടുതരിക.
രാഷ്ട്രീയത്തടവു കാരെ മോചിപ്പിക്കുക.
ആരാണീ ബറാബ്ബാസ്?
കഴിഞ്ഞദിവസം നമ്മുടെ രണ്ടു പടയാളി കളെ കൊന്ന ഒരു കലാപകാരി.



യേശുവിനെ അവർ വീണ്ടും പീലാത്തോസിന്റെ മുമ്പിൽ കൊണ്ടുവന്നു.
ഇവൻ കുറ്റക്കാരനല്ല എന്നു തെളിഞ്ഞില്ലേ? ഹേറോദേസും കുറ്റമൊന്നും കണ്ടില്ലല്ലോ.
സീസറിനു നികുതി കൊടുക്കാതിരിക്കാൻ ജനങ്ങളെ പ്രേരിപ്പി ക്കുന്നു.
അതിനു യാതൊരു തെളി വുമില്ല. അതിനാൽ ഒരു താക്കീതെന്ന നിലയിൽ ഇവനെ ശിക്ഷിച്ചു വിട്ടയയ്ക്കും.
ഇവനെ വിട്ട യ്ക്കുന്നത് അപ കടകരമാണ്.
സേവകർ, ഇവനെ കൊണ്ടുപോയി റോമൻ ശിക്ഷയുടെ രുചി അറിയിക്കൂ!


യഹൂദരുടെ രാജാവിന് രക്താംബരം!
രാജാവിനു കിരീടം
യഹൂദരുടെ രാജാവേ, സ്വസ്തി!


ഇതാ മനുഷ്യൻ .... ഇനി എന്താണു നിനക്കു പറയാനുള്ളത്?
!?



നിനക്ക് ഒന്നും പറയാനില്ലേ? നിന്നെ വിട്ടയയ്ക്കാനും കുരിശിൽ തറയ്ക്കാനും എനിക്ക് അധികാരമുണ്ടെന്ന് നിനക്കറിയില്ലേ?
ഉന്നതത്തിൽനിന്നു നല്കപ്പെട്ടില്ലായിരുന്നെങ്കിൽ നിനക്ക് എന്റെ മേൽ ഒരധികാരവുമുണ്ടാകുമായിരുന്നില്ല.


ഇവനിൽ ഒരു കുറ്റവുമില്ല. ഞാൻ ഇവനെ വിട്ടയയ്ക്കും.
ഇവനെ വിട്ടയയ്ക്കുന്ന പക്ഷം നീ സീസറിന്റെ ശത്രുവാണ്. കാരണം ഇവൻ സീസറിനെതിരെയാണ് സ്വയം രാജാവാക്കിയിരിക്കുന്നത്.
!


പെസഹാതിരുനാളിൽ
ഒരു കുറ്റവാളിയെ
മോചിപ്പിക്കാറുണ്ടല്ലോ.
യേശുവിനെയോ, ബറാ
ബ്ബാസിനെയോ ജനം
തിരഞ്ഞെടുക്കട്ടെ.


ജനത്തിനിടയിൽ
രണ്ടുതരത്തിലുള്ള
പ്രചരണങ്ങൾ
നടന്നു.
ബറാബ്ബാസ് നമ്മുടെ നേതാ
വാണ്. അവനെ മോചിപ്പി
ക്കുക നമ്മുടെ കടമയാണ്.
തീർച്ചയായും
ബറാബ്ബാസിനു
വേണ്ടി നാം സ്വര
മുയർത്തണം.


ആ നസ്രായൻ ദൈവ
ദൂഷകനും ജനദ്രോഹി
യുമാണ്. അവനെ
ക്രൂശിക്കാൻ ആവശ്യ
പ്പെടണം.


ഈ രണ്ടുപേരിൽ ആരെയാണ്
നിങ്ങൾക്കു വിട്ടുതരേണ്ടത്?
ബറാബ്ബാസ്.
ബറാബ്ബാസ്.


യഹൂദരുടെ രാജാവായ യേശു
വിനെ എന്തുചെയ്യണം?
അവനെ ക്രൂശിക്കുക.
സീസറല്ലാതെ ഞങ്ങൾ
ക്കു രാജാവില്ല,


!


കൊണ്ടുപോയി ക്രൂശിക്കുവിൻ. ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല.
അവന്റെ രക്തം ഞങ്ങളുടെയും ഞങ്ങ ളുടെ സന്തതികളുടെയും മേൽ ആയിക്കൊള്ളട്ടെ.
അവർ യേശുവിനെ കുരിശിൽ തറച്ചുകൊല്ലാനായി ഗോൽഗോഥാ എന്ന സ്ഥലത്തേക്കു കൊണ്ടുപോയി.


ജറുസലെം പുത്രിമാരേ, എന്നെപ്രതി നിങ്ങൾ കരയേണ്ടാ. നിങ്ങളേയും നിങ്ങളുടെ മക്കളേ യുംപ്രതി കരയുവിൻ.
പച്ചത്തടിയോട് ഇതാണു ചെയ്യുന്നതെങ്കിൽ ഉണങ്ങിയതിന് എന്തു സംഭവിക്കും.
ഇവനെ ഗോൽഗോഥായിൽ എത്തിക്കാൻ കഴിയുമെന്നു തോന്നുന്നില്ല.
ആ തടി അഴിച്ചു മാറ്റാം. അതാ, ആ വരുന്നവനെക്കൊണ്ട് അത് എടുപ്പിക്കാം.


സൈറീൻകാരൻ ശിമയോൻ എന്നൊരാളെ യേശുവിന്റെ കുരിശു ചുമക്കാൻ അവർ നിർബന്ധിച്ചു.


അവർ ഗോൽഗോഥായിൽ എത്തി.


യേശുവിനോടൊപ്പം ഇടത്തും വല ത്തുമായി രണ്ടു കലാപകാരിക ളെയും അവർ കുരിശിൽ തറച്ചു.
'യഹൂദരുടെ രാജാവായ നസ്രായൻ യേശു" എന്നൊരു ശീർഷകം കുറ്റപത്ര മായി അവർ കുരിശിനു മുകളിൽ വച്ചു.
ആ കുറ്റപത്രം മാറ്റി "താൻ യഹൂ ദരുടെ രാജാവാണ് എന്ന് ഇവൻ പറഞ്ഞു" എന്നെഴുതണം.
യഹൂദനേതാക്കൾ പീലാത്തോസിന്റെ മുമ്പിൽ
ചെന്ന് ഗവർണരോടു പറയൂ.
നിങ്ങൾക്കു പോകാം. ഞാൻ എഴുതിയത് എഴുതി.
?!!


ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. തന്നെത്തന്നെ രക്ഷിക്കാൻ കഴിയുന്നില്ല.
ദൈവപുത്രനാണെങ്കിൽ ഇറങ്ങിവരട്ടെ. അപ്പോൾ നമുക്കു വിശ്വസിക്കാം.
മൂന്നുദിവസം കൊണ്ടു ദേവാലയം പണിയുന്ന രാജാവേ, ഇറങ്ങിവാ.


പിതാവേ, ഇവരോടു ക്ഷമിക്കണമേ. തങ്ങൾ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല.


പടയാളികൾ അവന്റെ വസ്ത്രം പങ്കുവച്ചു.
ഇതൊരു ഒറ്റയുടുപ്പാണല്ലോ. കീറുന്നതു നഷ്ടമാ.
ആരെടുക്കണം എന്നു കുറിയിട്ടു നിശ്ചയിക്കാം.


നീ ക്രിസ്തുവല്ലേ? നിന്നെയും ഞങ്ങളെയും രക്ഷിക്കൂ!
നിനക്കിനിയും ദൈവഭയമില്ലേ? നമ്മൾ അർഹിക്കുന്നതാണീ ശിക്ഷ. എന്നാൽ ഇയാൾ യാതൊരു തെറ്റും ചെയ്തിട്ടില്ല.



യേശുവേ, നീ നിന്റെ രാജ്യത്തു വരുമ്പോൾ എന്നെയും കരുണയോടെ ഓർക്കണമേ.
നീ ഇന്ന് എന്നോടുകൂടെ പറുദീസായിലായിരിക്കും.
!


യേശുവിന്റെ അമ്മയും അപ്പസ്തോലൻ യോഹ
ന്നാനും കുരിശിൻ ചുവട്ടിൽനിന്നു.
സ്ത്രീയേ, ഇതാ നിന്റെ മകൻ.
യോഹന്നാൻ, ഇതാ നിന്റെ അമ്മ.
അല്പം കഴിഞ്ഞ്.
ഏലോയ്. ഏലോയ്
ലാമാ സബക്ത്താനി?
അവൻ ഏലിയായെ
വിളിക്കുന്നു.
നിരാശയുടെ അടിത്ത
ട്ടിലെത്തിയല്ലോ. ദൈവവും
അവനെ ഉപേക്ഷിച്ചു.
ഇല്ല. അവൻ ഇരുപത്തിരണ്ടാം
സങ്കീർത്തനം ചൊല്ലുകയാണ്.
ഇപ്പോഴും സങ്കീർത്തനം!


ഒരു പടയാളി നീർപ്പഞ്ഞി വിനാഗി
രിയിൽ മുക്കി ഞാങ്ങണയിൽ ചുറ്റി
അവനു കുടിക്കാൻ കൊടുത്തു.


അതു സ്വീകരിച്ചശേഷം
എല്ലാം പൂർത്തിയായി.



പിതാവേ, അവിടുത്തെ കര
ങ്ങളിൽ എന്റെ ആത്മാവിനെ
ഞാൻ സമർപ്പിക്കുന്നു.
ഇതു പറഞ്ഞ് അവൻ ജീവൻ വെടിഞ്ഞു.




സത്യമായും ഈ
മനുഷ്യൻ ദൈവപുത്ര
നായിരുന്നു.


കാഴ്ച കാണാൻ നിന്ന ജനം മാറത്തടിച്ചു
കരഞ്ഞുകൊണ്ട് തിരിച്ചു പോയി.


സാബത്താരംഭിക്കാറായി. ശരീരങ്ങൾ കുരിശിൽ നിന്നിറക്കണം.
സാബത്തിൽ ശവം കുരിശിൽ കിടക്കുന്നതു നിയമവിരുദ്ധ മാണ്.
മരിക്കാതെ കുരി ശിൽ നിന്നിറക്കാനാ വില്ല.
മരിച്ചില്ലെങ്കിൽ കൊല്ലണം. തുടയെല്ലു തകർത്താൽ മതി.
ഏതായാലും മരി ക്കാനുള്ളവരാണ്. ഈ വേദന അവസാനി ക്കുകയും ചെയ്യും.
അവർ രണ്ടു കള്ളന്മാരുടെ തുടയെല്ലു തകർത്തു യേശുവിന്റെ അടുത്തു വന്നപ്പോൾ.
അയാൾ പണ്ടേ മരിച്ചെന്നു തോന്നുന്നു.
തീർച്ചയാക്കണ മല്ലോ.


സാൻഹെദ്രിൻ സംഘാംഗവും യേശുവിന്റെ അനുഭാവിയുമായ അരിമത്തിയക്കാരൻ ജോസഫ് പീലാത്തോസിന്റെ മുമ്പിൽ
യേശുവിന്റെ ശരീരം കുരിശിൽ നിന്നിറക്കി മറവു ചെയ്യാൻ അനുവദിക്കണം.
അവൻ ഇത്രവേഗം മരിച്ചോ? ശതാധിപൻ?
മരിച്ചു.
ശരി. ശരീരം നിങ്ങൾക്കു വിട്ടുതരുന്നു.
അവർ ശരീരം കുരിശിൽ നിന്നിറക്കി.







അന്ധകാരശക്തികൾ വിജയിച്ചെന്നോ? അന്തിമവാക്ക് മരണത്തിന്റേതോ? സത്യവും സ്നേഹവും എന്നേക്കുമായി പരാജയപ്പെട്ടോ?

മരണത്തിലൂടെ മരണത്തെ ജയിച്ചവന്റെ കഥ.

**എന്നും നമ്മോടുകൂടെ**



ML BC - 44

# എന്നും നമ്മോടുകൂടെ

**Mar Louis Publications**
Broadway, Ernakulam, Kochi - 682 031
Ph:0484-2352110
website:www.marlouiskochi.com
e-mail:marlouiskochi@gmail.com